**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3259** **01-03-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പ്രേരക് മാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലായിരുന്ന സാക്ഷരതാ പ്രേരക് മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റി ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്ന് 2021ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 31.03.2022ലെ സ.ഉ (കൈ) നം.72/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്ന് 2021ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 31.03.2022ലെ സ.ഉ (കൈ) നം.72/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ആറ് മാസത്തിലേറെ തുടർച്ചയായി സാക്ഷരതാ പ്രേരക്മാരുടെ ശമ്പളം മുടങ്ങുകയും ആയതിനെ തുടർന്ന് കൊല്ലത്ത് സാക്ഷരതാ പ്രേരക് ആത്മഹത്യ ചെയ്യുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | പ്രേരക്മാർക്ക് നിശ്ചയിച്ച വേതനത്തിൽ 2022 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ടായിരുന്നു. പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 4.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്യുകയും ജനുവരി മാസത്തേത് വിതരണം ചെയ്യാനുള്ള നടപടികൾ നടന്നുവരികയുമാണ്. കൊല്ലത്ത് ഒരു പ്രേരക് ആത്മഹത്യ ചെയ്ത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സാക്ഷരതാ പ്രേരക് മാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സമ്മർദ്ദം ചെലുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തുന്നലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് പുനർവിന്യാസം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ഫിനാൻസ് റിസോഴ്സസ് വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി സ.ഉ.(സാധാ)നം. 973/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ